**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും വിദേശത്തുൾപ്പെടെ ഉയർന്ന തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുവെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും വിദേശത്തുൾപ്പെടെ ഉയർന്ന തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ<br>2. സംരംഭകത്വ വികസന പരിപാടികൾ<br>3. വ്യക്തികൾക്കും സംഘങ്ങൾക്കുള്ള സ്വയം തൊഴിൽ വായ്പകൾ<br>4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം<br>5. പരമ്പരാഗത തൊഴിലുകൾക്കുള്ള ധനസഹായം<br>6. ഉന്നതി (കേരള എംപവർമെന്റ് സൊസൈറ്റി) വഴിയുള്ള സംരംഭകത്വ സഹായ പദ്ധതി.<br>7. സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി<br>8. ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ<br>കൂടാതെ നഴ്സിംഗ് ബിരുദധാരികളായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് സർക്കാർ ഏജൻസിയായ ODEPC മുഖേന പരിശീലനം നൽകി വരുന്നു. |
| (ബി) | എയിഡഡ് വിദ്യാഭ്യാസ മേഖലകളിലെ തൊഴിലുകളിൽ പട്ടികജാതി - പട്ടിക ഗോത്ര വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്ഥിര വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | എയിഡഡ് വിദ്യാഭ്യാസ മേഖലകളിലെ തൊഴിലുകളിൽ സംവരണം അനുവദിക്കുന്ന വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിൽ അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ദേവസ്വം ബോർഡുകളിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടിക വിഭാഗങ്ങളിലുള്ള അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി- പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച് വ്യക്തമാക്കാമോ? | (സി) | പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനുമായി പദ്ധതികൾ ഓൺലൈനായി വിവരങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് കൂടാതെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും, ജില്ലാടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ പദ്ധതികൾ അവലോകനം ചെയ്യുന്നതിനും നടപടിയായിട്ടുണ്ട്. ഓരോ ജില്ലയിലെയും ബ്ലോക്ക് അടിസ്ഥാന പദ്ധതി അവലോകന യോഗങ്ങളിൽ പദ്ധതികൾ പ്രത്യേകം വിലയിരുത്തുകയും പദ്ധതി വിനിയോഗം കുറഞ്ഞ സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ പ്രൊമോട്ടർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തി വരുന്നു.<br><br>പട്ടികജാതി കുടുംബങ്ങൾ നേരിട്ട് സന്ദർശിച്ച് ഓരോ വീട്ടിലെയും നിലവിലെ സ്ഥിതി സമഗ്രമായി മനസ്സിലാക്കുന്നതിനും, ആവശ്യങ്ങൾക്കനുസൃതമായി മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വേണ്ട വിവരങ്ങൾ ശേഖരിക്കുന്നതിനുമായി "ഹോം സർവ്വേ" ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ